## പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 297

03-04-2013 ൽ മറുപടിയ്ക്ക്

## സംയോജിത നീർത്തട പരിപാലന പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ.റ്റി.യു.കുരുവിള | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര ബ്ലോക്കുകളിൽ സംയോജിത നീർത്തട പരിപാലന പരിപാടി നടപ്പിലാക്കിയിട്ടുണ്ട്; | (എ) 2009-2010 ൽ 05, 2010-2011 ൽ 13, 2011-2012 ൽ 13 എന്നിങ്ങനെ ആകെ 31 ബ്ലോക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) പ്രസ്തുത പരിപാടിയുടെ സംഘടനാ സംവിധാനം എങ്ങനെയാണ് നടപ്പിലാക്കുന്നത്; | (ബി) കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൻ കീഴിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ലാൻഡ് റിസോർസസ് ആണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്ത് ഇതിന്റെ നിർവ്വഹണത്തിനായി സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി രൂപീകരിച്ചിട്ടുണ്ട്. അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ ചെയർമാനായും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോ-ചെയർമാനായും ഗ്രാമവികസന കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായുമാണ് സംസ്ഥാനത്ത് എസ്.എൽ.എൻ.എ രൂപീകരിച്ചിരിക്കുന്നത്. ജില്ലാതല ആസൂത്രണത്തിന്റേയും നിർവ്വഹണത്തിന്റേയും മേൽനോട്ട ചുമതല ജില്ലാ ആസൂത്രണ സമിതിക്കാണ്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് -ചെയർമാൻ, ജില്ലാ കളക്ടർ-മെമ്പർ സെക്രട്ടറി, പ്രോജക്ട് ഡയറക്ടർ ദാരിദ്ര്യ ലഘൂകരണ വിഭാഗം-കൺവീനർ എന്ന രീതിയിലാണ് ഇതിന്റെ ഘടന. |

ജില്ലാതല കമ്മിറ്റിയെ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ വാട്ടർഷെഡ് സെൽ കം ഡേറ്റാ സെന്റർ (WCDC) ഉണ്ടായിരിക്കും. ഗ്രാമവികസന വകുപ്പ് ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളുടെ പ്രോജക്ട് ഡയറക്ടറുടെ നേതൃത്വത്തിലാണ് ഡബ്ലിയു.സി.ഡി.സി പ്രവർത്തിക്കുന്നത്. പദ്ധതി നിർവ്വഹണ ഏജൻസി ബ്ലോക്ക് പഞ്ചായത്ത് ആണ്. ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി നിർവ്വഹണത്തിൽ സഹായം നൽകുന്നതിനായി നീർത്തട വികസന ടീം ഉണ്ട്. നീർത്തട കമ്മിറ്റികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്നു.

(സി) ഗ്രാമപഞ്ചായത്ത് തലത്തിലുള്ള നീർത്തട കമ്മിറ്റിയുടെ ഓഫീസ്, സ്റ്റാഫ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ എങ്ങനെ ആയിരിക്കണമെന്നാണ് കേന്ദ്ര മാർഗ്ഗരേഖയെന്ന് വെളിപ്പെടുത്തുമോ;

(സി) ഗ്രാമസഭയാണ് നീർത്തട കമ്മിറ്റി രൂപീകരിക്കുന്നതും ചെയർമാനെ തെരഞ്ഞെടുക്കുന്നതും. നീർത്തട കമ്മിറ്റിയിൽ കുറഞ്ഞത് 10 അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കണം. അതിൽ പകുതിയും സ്വയംസഹായ സംഘങ്ങളുടേയോ ഗുണഭോക്തൃ സമിതികളുടേയോ, വനിതകൾ, ഭൂരഹിതർ എന്നിവരിൽ നിന്നുള്ളവരോ ആയിരിക്കണം. നീർത്തട കമ്മിറ്റിയുടെ ഓഫീസ് പ്രവർത്തിക്കുന്നതിനാവശ്യമായ സൗകര്യം ഗ്രാമപഞ്ചായത്തു ഓഫീസുകൾ നൽകണമെന്നാണ് കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങളിൽ നിർദ്ദേശിച്ചിരിക്കുന്നത്. പ്രത്യേകമായ സ്റ്റാഫ് ഘടനകൾവ്യവസ്ഥ ചെയ്തിട്ടില്ല. കേരളത്തിൽ നീർത്തട കമ്മിറ്റി (വാട്ടർഷെഡ് കമ്മിറ്റി) പ്രവർത്തിക്കുന്നത് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കൺവീനറുമായ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ടാണ്.

| | | | |
|---|---|---|---|
| (ഡി) | കേന്ദ്ര മാർഗ്ഗരേഖ അനുസരിച്ചുള്ള സംവിധാനം ആണോ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) | കേന്ദ്ര മാർഗ്ഗരേഖ അനുസരിച്ചാണ് സംസ്ഥാനത്ത് ഈ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ